ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 15.10.2024 TIME : 12.50 PM

## പ്രധാന വാർത്തകൾ

1. രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ അൾജീരിയ സന്ദർശനം തുടരുന്നു ; സിദി അബ്ദല്ല സയൻസ് ആൻഡ് ടെക്നോളജി പോൾ യൂണിവേഴ്സിറ്റിയെ രാഷ്ട്രപതി ഇന്ന് അഭിസംബോധന ചെയ്യും.

   **President Droupadi Murmu's Algeria visit continues; The President will address the Sidi Abdellah Science and Technology Pole University today.**

2. ടെലിക്കമ്യൂണിക്കേഷൻ രംഗത്ത് ലോകത്തെ മുൻനിര രാജ്യങ്ങളിൽ ഒന്നാണ് ഇന്ത്യയെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

   **Prime Minister Modi said, today India is one of the most happening countries in the world in terms of telecom and related technology.**

3. മഹാരാഷ്ട്ര, ഝാർഖണ്ഡ് നിയമസഭാ തിരഞ്ഞെടുപ്പ് തീയതികൾ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ ഇന്ന് പ്രഖ്യാപിക്കും.

   **Election Commission of India will announce the schedule for the Maharashtra and Jharkhand Assembly polls today.**

4. ജമ്മു കശ്മീരിൽ നാഷണൽ കോൺഫറൻസ് നേതാവ് ഒമർ അബ്ദുള്ള നാളെ മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്യും.

   **Jammu and Kashmir National Conference leader Omar Abdullah to take oath as Chief Minister tomorrow.**

5. കേരളത്തിലെ ധനകാര്യ പ്രതിസന്ധിയും ട്രഷറി നിയന്ത്രണവും സംബന്ധിച്ച പ്രതിപക്ഷ ഉപക്ഷേപത്തിൻ മേൽ നിയമസഭയിൽ ചർച്ച തുടരുന്നു.

**The debate continues in the Assembly on the opposition's allegation regarding the financial crisis and treasury control in Kerala.**

6. വനിതാ ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റിൽ ഇന്ന് ഇംഗ്ലണ്ട് - വെസ്റ്റിൻഡീസ് പോരാട്ടം.

**In Women's T20 World Cup Cricket England will face West Indies today.**

$$$$$$$$$$$$$$$$$$$$$

**President-Algeria**

അൾജീരിയ സന്ദർശനത്തിന്റെ മൂന്നാം ദിവസമായ ഇന്ന് രാഷ്ട്രപതി ദ്രൗപദി മുർമു വിവിധ പരിപാടികളിൽ പങ്കെടുക്കും. ഇന്ത്യയുടെ മുൻ രാഷ്ട്രപതി എപിജെ അബ്ദുൾ കലാമിന്റെ ജന്മവാർഷിക ദിനത്തിൽ അദ്ദേഹത്തിന്റെ ഛായാചിത്രത്തിൽ രാഷ്ട്രപതി മുർമു പുഷ്പാർച്ചന നടത്തും. തുടർന്നു സിദി അബ്ദല്ല സയൻസ് ആൻഡ് ടെക്നോളജി പോൾ യൂണിവേഴ്സിറ്റിയെ രാഷ്ട്രപതി അഭിസംബോധന ചെയ്യും. കടൽജല ശുദ്ധീകരണ പദ്ധതി, ഹമ്മ ഗാർഡൻ തുടങ്ങിയ സ്ഥലങ്ങളും രാഷ്ട്രപതി സന്ദർശിക്കും. ത്രിരാഷ്ട്ര സന്ദർശനത്തിന്റെ രണ്ടാം പാദത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു നാളെ മൗറിറ്റാനിയയിലേക്ക് പോകും. ഈ മാസം17 മുതൽ 19 വരെ രാഷ്ട്രപതി മലാവിയും സന്ദർശിക്കും.

$$$$$$$$$$$$$$$$$$$$$

**DAY PM - ITU WTSA IMC (INTRO)**

***ടെലിക്കമ്യൂണിക്കേഷൻ രംഗത്തെ വിവിധ മേഖലകളിൽ ലോകത്തിലെ തന്നെ മുൻപന്തിയിൽ നിൽക്കുന്ന രാജ്യങ്ങളിൽ ഒന്നാണ് ഇന്ത്യ എന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി . ഇന്റർനാഷണൽ***

***ടെലികമ്മ്യൂണിക്കേഷൻ യൂണിയന്റെ വേൾഡ് ടെലികമ്മ്യൂണിക്കേഷൻ സ്റ്റാൻഡേർഡൈസേഷൻ അസംബ്ലി (WTSA)- യുടെ ഉദ്ഘാടനം ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം.***

***(ഹോൾഡ് വോയിസ് - പിഎം)***

***ഇന്ത്യ മൊബൈൽ കോൺഗ്രസ് 2024-ൻ്റെ എട്ടാമത് എഡിഷന്റെ ഉദ്ഘാടനവും പ്രധാനമന്ത്രി നിർവ്വഹിച്ചു. WTSA ക്ക് ആദ്യമായാണ് ഇന്ത്യ ആതിഥേയത്വം വഹിക്കുന്നത്. 190-ലധികം രാജ്യങ്ങളിൽ നിന്നുള്ള മൂവായിരത്തിലധികം പ്രതിനിധികൾ പരിപാടിയിൽ പങ്കെടുക്കുന്നുണ്ട്. 6ജി, നിർമിത ബുദ്ധി, ബിഗ് ഡാറ്റ, സൈബർ സുരക്ഷ, തുടങ്ങിയ മേഖലകളിലെ ഭാവി രൂപപ്പെടുത്തുകയാണ് പത്ത് ദിവസത്തെ പരിപാടിയുടെ ലക്ഷ്യം.***

$$$$$$$$$$$$$$$$$$$$$

**ECI – POLL SCHEDULE**

മഹാരാഷ്ട്ര, ഝാർഖണ്ഡ് നിയമസഭാ തിരഞ്ഞെടുപ്പ് തീയതികൾ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ ഇന്ന് പ്രഖ്യാപിക്കും. വൈകുന്നേരം 3:30ന് കമ്മീഷൻറെ വാർത്താസമ്മേളനം ന്യൂഡൽഹിയിൽ നടക്കും. മഹാരാഷ്ട്ര നിയമസഭയുടെ കാലാവധി അടുത്ത മാസം 26 നും ഝാർഖണ്ഡ് നിയമസഭയുടെ കാലാവധി അടുത്ത വർഷം ജനുവരി 5 നും അവസാനിക്കും.

$$$$$$$$$$$$$$$$$$$$$

**J AND K LG – GOVT FORMATION**

ജമ്മു കശ്മീരിൽ നാഷണൽ കോൺഫറൻസ് നേതാവ് ഒമർ അബ്ദുള്ള മുഖ്യമന്ത്രിയായി നാളെ സത്യപ്രതിജ്ഞ ചെയ്യ് അധികാരമേൽക്കും. ശ്രീനഗറിലെ SKICC ൽ രാവിലെ 11.30 നാണ് സത്യപ്രതിജ്ഞാ ചടങ്ങ്. പുതിയ സർക്കാർ രൂപീകരണത്തിന് നാഷണൽ കോൺഫറൻസ് നേതാവ് ഒമർ അബ്ദുള്ളയെ ലഫ്റ്റനന്റ് ഗവർണർ മനോജ് സിൻഹ ക്ഷണിക്കുകയായിരുന്നു. ജമ്മു കശ്മീരിൽ രാഷ്ട്രപതി ഭരണം പിൻലിക്കാനുള്ള കേന്ദ്ര തീരുമാനത്തിന് പിന്നാലെയായിരുന്നു ക്ഷണം.

$$$$$$$$$$$$$$$$$$$$$

## VP – ASSAM

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖറിൻറെ രണ്ട് ദിവസത്തെ അസം, മേഘാലയ സന്ദർശനത്തിന് നാളെ തുടക്കമാകും. അസമിലെ ഗുവാഹത്തിയും മേഘാലയയിലെ ഷില്ലോങ്ങുമാണ് അദ്ദേഹം സന്ദർശിക്കുന്നത്. മേഘാലയയിലെ സ്കിൽ – ഇന്നോവേഷൻ ഹബ്ബിൻറ തറക്കല്ലിടൽ ചടങ്ങിൽ ഉപരാഷ്ട്രപതി മുഖ്യാതിഥിയായിരിക്കും. ഇതിനു പുറമെ ഐ ടി പാർക്കും രാജ്ഭവനും സന്ദർശിക്കുന്ന അദ്ദേഹം മുഖ്യമന്ത്രി, മുതിർന്ന ഉദ്യോഗസ്ഥർ എന്നിവരുമായി കൂടിക്കാഴ്ച നടത്തും.

$$$$$$$$$$$$$$$$$$$$$

## JAISHANKAR SCO

ഷാങ്ഹായ് സഹകരണ സംഘടനയുടെ ഉച്ചകോടിയിൽ പങ്കെടുക്കുന്നതിനായി വിദേശകാര്യമന്ത്രി എസ് ജയ് ശങ്കർ ഇന്ന് പാകിസ്ഥാനിലെത്തും. ഒൻപത് വർഷങ്ങൾക്ക് ശേഷമാണ് ഒരു ഇന്ത്യൻ വിദേശകാര്യ മന്ത്രി ഉന്നതതല സന്ദർശനത്തിനായി പാകിസ്ഥാനിലെത്തുന്നത്. രണ്ട് ദിവസത്തെ സന്ദർശനത്തിനിടെ, നിരവധി പരിപാടികളിൽ അദ്ദേഹം പങ്കെടുക്കും. അതേസമയം, ഇരുരാജ്യങ്ങളും തമ്മിൽ ഉഭയകക്ഷി ചർച്ചകൾ ഉണ്ടാകില്ലെന്ന് ശ്രീ എസ്. ജയ് ശങ്കർ നേരത്തെ അറിയിച്ചിരുന്നു.

$$$$$$$$$$$$$$$$$$$$$

## INDIA CANADA DIPLOMATS

ആക്ടിംഗ് ഹൈക്കമ്മീഷണർ സ്റ്റുവർട്ട് റോസ് വീലർ ഉൾപ്പെടെ ആറ് കനേഡിയൻ നയതന്ത്ര ഉദ്യോഗസ്ഥരെ ഇന്ത്യ പുറത്താക്കി. ഈ മാസം 19-ന് മുമ്പ് രാജ്യം വിടണമെന്ന് ഇവർക്ക് നിർദേശം നൽകി. തങ്ങളുടെ സുരക്ഷ ഉറപ്പാക്കാനുള്ള കനേഡിയൻ സർക്കാരിന്റെ പ്രതിബദ്ധതയിൽ വിശ്വാസമില്ലെന്ന് കാണിച്ച് കാനഡയിലെ ഇന്ത്യൻ ഹൈക്കമ്മീഷണർ സഞ്ജയ് കുമാർ വർമ ഉൾപ്പെടെയുള്ള

ഉദ്യോഗസ്ഥരെ തിരികെ വിളിച്ചതിന് പിന്നാലെയാണ് നടപടി. സഞ്ജയ് കുമാർ വർമ്മയെ അന്വേഷണ പരിധിയിൽ ഉൾപ്പെടുത്തിയ കാനഡയുടെ തീരുമാനത്തിൽ കഴിഞ്ഞദിവസം കേന്ദ്ര വിദേശകാര്യ മന്ത്രാലയം അതൃപ്തി അറിയിച്ചിരുന്നു.

$$$$$$$$$$$$$$$$$$$$$

**INDIA- COLOMBIA MoU**

ഇന്ത്യ- കൊളംബിയ ഓഡിയോ-വിഷ്വൽ സഹ നിർമ്മാണ കരാർ ഇന്ന് ഒപ്പുവയ്ക്കും. കേന്ദ്ര സഹമന്ത്രി എൽ. മുരുകനും കൊളംബിയൻ വിദേശകാര്യ ഉപമന്ത്രിയുമാണ് കരാറിൽ ഒപ്പുവെയ്ക്കുന്നത്. കലാ സാംസ്കാരിക വൈവിധ്യങ്ങൾ കൈമാറ്റം ചെയ്യുന്നതിലൂടെ ഇന്ത്യ- കൊളംബിയ സാംസ്കാരിക ബന്ധം വർദ്ധിപ്പിക്കുകയാണ് കരാറിന്റെ ലക്ഷ്യം.

$$$$$$$$$$$$$$$$$$$$$

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.......

$$$$$$$$$$$$$$$$$$$$$

**ASSEMBLY-ADJOURNMENT MOTION**

കേരളത്തിലെ ധനകാര്യ പ്രതിസന്ധിയും ട്രഷറി നിയന്ത്രണവും സംബന്ധിച്ച് പ്രതിപക്ഷം കൊണ്ടുവന്ന ഉപക്ഷേപത്തിൻ മേൽ നിയമസഭയിൽ ചർച്ച തുടങ്ങി. ഉച്ചയ്ക്ക് 12 മണി മുതൽ രണ്ട് മണിക്കൂറാണ് ചർച്ച. പ്രതിപക്ഷത്ത് നിന്നും മാത്യു കുഴൽനാടൻ ആണ് വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നുള്ള ഉപക്ഷേപത്തിന് നോട്ടിസ് നൽകിയത്. കേരളത്തിലെ ധനകാര്യ പ്രതിസന്ധി ഗൗരവമായി ചർച്ച ചെയ്യേണ്ട കാര്യമാണെന്ന് വ്യക്തമാക്കി കൊണ്ടാണ് ധനമന്ത്രി കെ എൻ ബാലഗോപാൽ ചർച്ചയ്ക്ക് സന്നദ്ധത അറിയിച്ചത്.

$$$$$$$$$$$$$$$$$$$$$

**CHIEF MINISTER - SABARIMALA (INTRO)**

***ശബരിമലയിൽ ഓൺലൈൻ രജിസ്ട്രേഷൻ നടത്താതെ എത്തുന്ന തീർത്ഥാടകർക്കും സുഗമമായ ദർശനത്തിനുള്ള സൗകര്യം ഉറപ്പുവരുത്തുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കഴിഞ്ഞ വർഷങ്ങളിലും ഇത്തരത്തിൽ ദർശനം ഉറപ്പുവരുത്തിയിരുന്നുവെന്ന് അദ്ദേഹം നിയമസഭയിൽ വ്യക്തമാക്കി .***

*(വോയിസ് സി എം )*

$$$$$$$$$$$$$$$$$$$$$

**RAIN KERALA**

കേരളത്തിൽ അതിശക്തമായ മഴയ്ക്ക് സാധ്യതയുള്ളതിനാൽ മലപ്പുറം, കണ്ണൂർ ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. കള്ളക്കടൽ പ്രതിഭാസ സാധ്യത കണക്കിലെടുത്ത് തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ തീരപ്രദേശങ്ങളിൽ ചുവപ്പുജാഗ്രത നൽകിയിട്ടുണ്ട്.

$$$$$$$$$$$$$$$$$$$$$

**TN-RAIN**

തമിഴ്നാട്ടിൽ ചെന്നൈ മുതൽ വില്ലുപുരം വരെയുള്ള തീരദേശ ജില്ലകളിൽ ഈ മാസം 18 വരെ കനത്ത മഴയ്ക്ക് സാധ്യത. ചെന്നൈ, തിരുവള്ളൂർ, കാഞ്ചീപുരം എന്നിവിടങ്ങളിൽ മഴ തുടരുന്ന സാഹചര്യത്തിൽ താഴ്ന്ന പ്രദേശങ്ങളിൽ താമസിക്കുന്നവർ സുരക്ഷിത സ്ഥലങ്ങളിലേക്ക് മാറണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട് . അടിയന്തര സാഹചര്യങ്ങളിൽ 1913 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

$$$$$$$$$$$$$$$$$$$$$

**WOMENS T20 PAK- NZ RESULT**

വനിതാ ടി-20 ലോകകപ്പ് ക്രിക്കറ്റിൽ ഇംഗ്ലണ്ട് ഇന്ന് വെസ്റ്റിൻഡീസിനെ നേരിടും. വൈകിട്ട് 07.30നാണ് മത്സരം. ഇന്നലെ നടന്ന മത്സരത്തിൽ ന്യൂസിലൻഡിനെതിരെ പാകിസ്ഥാൻ പരാജയപ്പെട്ടിരുന്നു.

$$$$$$$$$$$$$$$$$$$$$

## APJ ABDUL KALAM

മുൻ രാഷ്ട്രപതി ഡോ. എ പി ജെ അബ്ദുൾ കലാമിന്റെ 93-ാംജന്മവാർഷികദിനം ഇന്ന്. വിവിധയിടങ്ങളിൽ അനുസ്മരണ പരിപാടികൾ നടക്കുകയാണ്. ഡോ.എ.പി.ജെ അബ്ദുൾ കലാമിനെ ജന്മവാർഷിക ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി അനുസ്മരിച്ചു. വികസിത ഭാരതം എന്ന ലക്ഷ്യം കൈവരിക്കുന്നതിന് അദ്ദേഹത്തിന്റെ ചിന്തയും കാഴ്ചപ്പാടും രാജ്യത്തെ സഹായിക്കുമെന്ന് പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു. 2002 മുതൽ 2007 വരെ ഇന്ത്യയുടെ രാഷ്ട്രപതിയായിരുന്ന ഡോ.എ പി ജെ അബ്ദുൾ കലാമിനെ ഭാരത് രത്ന ഉൾപ്പെടെയുള്ള ബഹുമതികൾ നൽകി രാജ്യം ആദരിച്ചിട്ടുണ്ട്. ഇന്ത്യയുടെ മിസൈൽ മാൻ എന്നാണ് അദ്ദേഹം അറിയപ്പെട്ടിരുന്നത്.

$$$$$$$$$$$$$$$$$$$$$

## SHAH-IPS INTERACTION

കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഐ.പി.എസ് പ്രൊബേഷണറി ഉദ്യോഗസ്ഥരുമായി ഇന്ന് ന്യൂഡൽഹിയിൽ സംവദിക്കും. പരിശീലനകാലത്തെ അനുഭവങ്ങൾ ഉദ്യോഗസ്ഥർ കേന്ദ്രമന്ത്രിയുമായി പങ്കുവയ്ക്കും. 2023 ഐ പി എസ് ബാച്ചിൽ 54 വനിതകൾ ഉൾപ്പെടെ 188 ഓഫീസർ ട്രെയിനികൾ ആദ്യഘട്ട പരിശീലനം പൂർത്തിയാക്കി.

$$$$$$$$$$$$$$$$$$$$$

## DG-COAST GUARD

ഇന്ത്യൻ തീരസുരക്ഷാ സേനയുടെ 26-ാമത് ഡയറക്ടർ ജനറലായി പരമേഷ് ശിവമണി ചുമതലയേറ്റു. മികച്ച സേവനത്തിന് 2019 ൽ രാഷ്ട്രപതിയുടെ മെഡൽ നേടിയിട്ടുണ്ട്. നാഷണൽ ഡിഫൻസ് കോളേജ്, വെല്ലിംഗ്ടണിലെ ഡിഫൻസ് സർവീസസ് സ്റ്റാഫ് കോളേജ് എന്നിവിടങ്ങളിലെ പൂർവ്വ വിദ്യാർത്ഥിയാണ് ശ്രീ ശിവമണി .

$$$$$$$$$$$$$$$$$$$$$$

**SENSEX + GOLD**

രാജ്യത്തെ ഓഹരി വിപണികൾ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 161 പോയിൻറ് ഇടിഞ്ഞ് 81,799 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 61 പോയിൻറ് നഷ്ടത്തിൽ 25,069 ലും വ്യാപാരം തുടരുന്നു.

സ്വർണ്ണ വില കുറഞ്ഞു. പവന് 200 കുറഞ്ഞ് 56,760 രൂപയും ഗ്രാമിന് 25 രൂപ കുറഞ്ഞ് 7, 095 രൂപയുമാണ് ഇന്നത്തെ വില.

$$$$$$$$$$$$$$$$$$$$$$

**WHITEKEIN DAY**

ഇന്ന് അന്താരാഷ്ട്ര വൈറ്റ് കെയിൻ ദിനം. കാഴ്ചയില്ലാത്തവർ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളിലേക്കും അവരുടെ കഴിവുകളിലേക്കും സമൂഹത്തിൻറെ ശ്രദ്ധയാകർഷിക്കുക ലക്ഷ്യമിട്ടാണ് ഒക്ടോബർ 15 വൈറ്റ് കെയിൻ ദിനമായി ആചരിക്കുന്നത്.

$$$$$$$$$$$$$$$$$$$$$$

**INDIA-AUSTRALIA**

നാലാമത് ഇന്ത്യ-ഓസ്ട്രേലിയ 2+2 സെക്രട്ടറിതല ചർച്ചകൾ ന്യൂഡൽഹിയിൽ നടന്നു. ഇന്ത്യക്കായി പ്രതിരോധ സെക്രട്ടറി ഗിരിധർ അരമന, വിദേശകാര്യ സെക്രട്ടറി വിക്രം മിശ്രി എന്നിവർ ചർച്ചക്ക് നേതൃത്വം നൽകി. ഡിപ്പാർട്ട്മെന്റ് ഓഫ് ഡിഫൻസ് സെക്രട്ടറി ഗ്രെഗ് മൊറിയാർട്ടിയും, ഡിപ്പാർട്ട്മെന്റ് ഓഫ് ഫോറിൻ അഫയേഴ്സ്

ആൻഡ് ട്രേഡ് സെക്രട്ടറി ജാൻ ആഡംസും ഓസ്ട്രേലിയൻ സംഘത്തെ നയിച്ചു. പ്രതിരോധം, സുരക്ഷ, പ്രാദേശിക - ആഗോള വിഷയങ്ങൾ തുടങ്ങിയവ ചർച്ച ചെയ്തതായും വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

$$$$$$$$$$$$$$$$$$$$$

$$$$$$$$$$$$$$$$$$$$$

$$$$$$$$$$$$$$$$$$$$$